## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 5266 — 5.07.2012 -ൽ മറുപടിയ്ക്ക്

### ഖാദി ഉല്പന്നങ്ങളെ പ്രോത്സാഹിപ്പിക്കുവാൻ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. അജിത് | | ശ്രീ. സി.എൻ. ബാലകൃഷ്ണൻ ( സഹകരണവും ഖാദി ഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരമേറ്റശേഷം ഖാദി ഉല്പന്നങ്ങളെ പ്രോത്സാഹിപ്പിക്കാൻ നടപടികൾ എടുത്തിട്ടുണ്ടെങ്കിൽ അതുവഴി പ്രസ്തുത ഉല്പന്നങ്ങൾക്ക് സമൂഹത്തിൽ ഉണ്ടായ സ്വീകാര്യതകൾ വ്യക്തമാക്കുമോ; | (എ) | അഖിലേന്ത്യ ഖാദി കമ്മീഷൻ നിർത്തലാക്കിയ 10% ഉത്സകാല റിബേറ്റ് സംസ്ഥാന സർക്കാർ നൽകുന്നത് വഴി ഖാദി തുണിത്തരങ്ങൾക്ക് കഴിഞ്ഞ വർഷത്തേക്കാൾ 5 കോടിയോളം രൂപയുടെ വില്പന കൂടിയിട്ടുണ്ട്. ഇതിലൂടെ ഖാദി ഉല്പന്നങ്ങളുടെ സ്വീകാര്യത കൂടിയിട്ടുള്ളതായി തെളിയുന്നു. |
| (ബി) | ഖാദി ഉല്പന്നങ്ങൾക്ക് നൽകുന്ന സബ്സിഡി വർദ്ധിപ്പിക്കാനുള്ള നടപടി സ്വീകരിക്കുമോ; | (ബി) | ഖാദി ഉല്പന്നങ്ങൾക്ക് വർഷം മുഴുവൻ 20%-വും ഉത്സവകാലങ്ങളിൽ 30% -വും റിബേറ്റ് നൽകുന്നുണ്ട്. സബ്സിഡി വർദ്ധിപ്പിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |
| (സി) | ഖാദി ഉല്പന്നങ്ങളുടെ വിപണനത്തിനായി കൂടുതൽ ഔട്ട്ലെറ്റുകൾ തുടങ്ങാനുള്ള നടപടികൾ സ്വീകരിക്കുമോ? | (സി) | നിലവിൽ ബോർഡ് നേരിട്ട് നടത്തുന്നതും ഏജൻസി വ്യവസ്ഥയിൽ നടത്തുന്നതുമായ 216 ഔട്ട്ലെറ്റുകൾ കേരളത്തിലുടനീളം പ്രവർത്തിച്ചു വരുന്നു. അങ്കമാലി, താനൂർ, മാനന്തവാടി, സുൽത്താൻബത്തേരി തുടങ്ങിയ സ്ഥലങ്ങളിൽക്കൂടി പുതിയ ഔട്ട്ലെറ്റുകൾ തുടങ്ങുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ